ഉത്തരം

(എ-സി) കാസർഗോഡ് സിവിൽസ്റ്റേഷന് മുൻവശത്ത് രാഷ്ട്ര പിതാവിന്റെ പ്രതിമ സ്ഥാപിക്കണമെന്ന ശ്രീ. കെ. പി. കുഞ്ഞിക്കണ്ണൻ എക്സ്എംഎൽഎ- യുടെ നിവേദനം അടിയന്തര റിപ്പോർട്ടിനായി കാസർഗോഡ് ജില്ലാ കളക്ടർക്ക് നൽകിയിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

**വിദ്യാഭ്യാസ ലോൺ അനുവദിക്കാൻ വിവിധ ബാങ്കുകൾ വ്യത്യസ്ത രേഖകൾ ആവശ്യപ്പെടുന്നതു സംബന്ധിച്ച്**

**31 (T 7588)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വിദ്യാഭ്യാസ ലോണിനായി അപേക്ഷ നൽകിയ വിദ്യാർത്ഥികളെ പലവിധ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് ബാങ്കുകൾ ലോൺ അനുവദിക്കുന്നത് അനന്തമായി നീട്ടികൊണ്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുമേഖലാ ബാങ്കുകൾ ഒഴിച്ചുള്ള ബാങ്കുകൾ വസ്തുവിന്റെ പ്രമാണരേഖകളും കരമടച്ച രസീതുമടക്കം ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഓരോ ബാങ്കുകൾക്കും വ്യത്യസ്തരേഖകൾ ആവശ്യപ്പെടുന്നതിന് അധികാരമുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ എസ്.ബി.ഐ., എസ്.ബി.റ്റി., കാനറ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക് തുടങ്ങിയ ബാങ്കുകളിൽ എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടത് എന്ന് വിശദമാക്കുമോ ;

(ഇ) റിസർവ്വ് ബാങ്കിന്റെയും കേന്ദ്ര സർക്കാരിന്റെയും മാനദണ്ഡപ്രകാരം എന്തൊക്കെ രേഖകളാണ് വിദ്യാഭ്യാസ ലോണിനുവേണ്ടി സമർപ്പിക്കേണ്ടത് എന്ന് വിശദമാക്കുമോ ;

(എഫ്) ടി ലോണിന്റെ പലിശ ഇളവ് ലഭിക്കുന്നതിന് എന്താണ് മാനദണ്ഡമെന്ന് വ്യക്തമാക്കുമോ ;

(ജി) കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം നേടുന്നവർക്ക് പലിശ ഇളവിന് അർഹതയില്ലെന്ന് ഉത്തരവുണ്ടോ ; ഇവർക്ക് പലിശ ഇളവിന് അർഹതയുണ്ടോ ;

(എച്ച്) ബാങ്ക് ലോൺ അനുവദിക്കുന്നത് അനന്തമായി നീട്ടികൊണ്ട് പോകുന്ന ബാങ്കുകൾക്കെതിരെ ആർക്കാണ് പരാതി നൽകേണ്ടത് ; ഓഫീസിന്റെ പേരും ഇ-മെയിൽ വിലാസവും നൽകാമോ ?

---

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചില ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ബാങ്കുകൾ IBA യുടെ മാതൃകാ വിദ്യാഭ്യാസ ലോൺ പദ്ധതി പ്രകാരമാണ് വിദ്യാഭ്യാസ ലോണുകൾ വിതരണം ചെയ്യുന്നത്. പ്രസ്തുത മാതൃകാ വിദ്യാഭ്യാസ പദ്ധതിക്ക് വിരുദ്ധമായ നടപടികൾ ഉണ്ടായാൽ അത് ജില്ലാ കളക്ടർ ചെയർമാനായ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഐ.ബി.എ. യുടെ മാതൃകാ വിദ്യാഭ്യാസ പദ്ധതിയുടെ ഒരു പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(എഫ്) സംസ്ഥാനത്തെ ഷെഡ്യൂൾഡ്/കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്ന് 1-4-2004 മുതൽ 31-3-2009 വരെ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പയ്ക്ക്, പഠനം പൂർത്തിയാക്കി ജോലി ലഭിക്കാത്ത ബി.പി.എൽ. വിഭാഗക്കാർക്ക് പഠന കാലാവധിയിലും അതുകഴിഞ്ഞ് ഒരു വർഷത്തേയ്ക്കും ഉള്ള പലിശ തുക സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകിവരുന്നു.

4.5 ലക്ഷം രൂപവരെ വാർഷിക കുടുംബ വരുമാനമുള്ള വിഭാഗത്തിൽപ്പെട്ടവർക്ക് 1-4-2009-ന് മുൻപ് വിതരണം ചെയ്ത/അനുവദിച്ച വിദ്യാഭ്യാസ വായ്പയ്ക്ക്, 31-12-2013 വരെയുള്ള പലിശ സബ്സിഡി കേന്ദ്ര സർക്കാർ നൽകിവരുന്നു.

4.5 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള വിദ്യാർത്ഥികൾക്ക് +2 കഴിഞ്ഞുള്ള പ്രൊഫഷണൽ/സാങ്കേതിക വിദ്യാഭ്യാസത്തിന് 1-4-2009-നുശേഷം വിതരണം ചെയ്ത വായ്പാ തുകയ്ക്ക് തിരിച്ചടവ് ആരംഭിക്കുന്നത് വരെയുള്ള പലിശ, വ്യവസ്ഥകൾക്ക് വിധേയമായി, കേന്ദ്ര സർക്കാർ സബ്സിഡിയായി നൽകിവരുന്നുണ്ട്.

(ജി) കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെയുള്ള ഐ.ബി.എ.-യുടെ മാതൃകാ വിദ്യാഭ്യാസ വായ്പാ പദ്ധതി പ്രകാരം കോളേജുകളിലെ മാനേജുമെന്റ് സീറ്റുകളിൽ പ്രവേശനം നേടുന്നവർക്ക് പലിശ ഇളവിന് അർഹതയില്ല.

(എച്ച്) വിദ്യാഭ്യാസ വായ്പകൾ സംബന്ധിച്ച പരാതികൾക്ക് തീർപ്പു കൽപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായുള്ള സമിതി നിലവിലുണ്ട്. ലീഡ് ബാങ്ക് മാനേജർ ഇതിന്റെ കൺവീനറും, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്, മുഖ്യ ബാങ്കുകളിൽനിന്നുള്ള പ്രതിനിധികൾ എന്നിവർ ഇതിലെ അംഗങ്ങളായിരിക്കും. ഈ സമിതി ആവശ്യമുള്ളപ്പോൾ യോഗംചേരുകയും പരാതികൾക്ക് തീർപ്പുകൽപ്പിക്കുകയും ചെയ്യാറുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY, ARCHIVES Kerala Legislative Assembly